# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **1436**

14/06/2013 - ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയിലെ പിന്നോക്കാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട്എൻ.കൃഷ്ണൻനായർ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കാർഷിക മേഖലയിൽ സംസ്ഥാനം പിന്നോക്കം പോകുന്നുവെന്ന സെൻസസ് വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | **(എ)** ഉണ്ട്. കാർഷിക മേഖലയുടെ വളർച്ച 2007-2012 പദ്ധതിക്കാലത്ത് (-)1.3% പിറകിലായി. കാർഷിക വരുമാനം 4.5% ഇടിഞ്ഞു. |
| **(ബി)** ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ; | **(ബി)** ഇതിനുള്ള പ്രധാന കാരണങ്ങൾ -<br>എ) ഉല്പാദനക്ഷമതയിലെ കുറവ്.<br>ബി) കാർഷിക യന്ത്രവൽക്കരണത്തിന്റെ അപര്യാപ്തത.<br>സി) ജലസേചന സൗകര്യക്കുറവ്.<br>ഡി) മണ്ണ് പരിപോഷണത്തിനുള്ള കുറവ്.<br>ഇ) കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ്.<br>എഫ്) നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾ വികസിപ്പിച്ച് കർഷകർക്ക് യഥാസമയം നൽകുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ.<br>ജി) കാർഷിക മേഖലയിൽ നിന്നും സേവന മേഖലയിലേയ്ക്ക് ക്രമേണയുള്ള ചുവടുമാറ്റം. എന്നിവയാണ്. |

(സി) ഈ പ്രവണത അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) സംസ്ഥാന പ്ലാനിംഗ് ബോർഡുമായി ചേർന്ന് കാർഷിക മേഖലയിൽ വരും വർഷങ്ങളിൽ നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഈ പശ്ചാത്തലത്തിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(ഡി) കേന്ദ്ര പദ്ധതികൾ (90%MMA) ഏകോപിപ്പിച്ച് ഒരു സമഗ്ര പദ്ധതിയായി 2013-2014 - ൽ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. ചില നൂതന പദ്ധതികളായ മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റ് സ്ഥാപിക്കൽ, ബയോപാർക്കുകൾ, ഇൻകം സപ്പോർട്ട് പദ്ധതി, കാർഷിക സൂപ്പർ മാളുകൾ, വിള ആരോഗ്യ പരിപാലനം, കാലാവസ്ഥാ ഇൻഷ്വറൻസ് പദ്ധതി, ഹൈ-ടെക്ക് അഗ്രിക്കൾച്ചർ, കാർഷിക യന്ത്രവൽക്കരണം (പുതിയ കേന്ദ്ര പദ്ധതി), കുട്ടനാട് ഹെറിറ്റേജ് പദ്ധതി എന്നിവയാണ് സംസ്ഥാന സർക്കാർ കൃഷി വകുപ്പിലൂടെ 2013-2014 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ